അതിനുവേണ്ടിയുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും തുടരുന്നതാണ്. ഇതിന്റെ ഭാഗമായി പ്രധാന ബാങ്കുകളുടെ ചീഫ് എക്സിക്യൂട്ടീവുകളുടെ ഒരു യോഗം വരുന്ന 19-ാം തീയതി ഞാൻ വിളിച്ചിട്ടുണ്ട്. ആ ചർച്ചയിൽ ഇതിനൊരു പോംവഴി കാണാൻ ഗവണ്മെന്റ് ശ്രമിക്കും. കേരളത്തിന്റെ എക്കണോമിയെ സംബന്ധിച്ചിടത്തോളം ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. അതുകൊണ്ട് അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവണ്മെന്റ് കൈകാര്യം ചെയ്യുന്നതാണ്.

(4) നെട്ടൂർ-കണ്ടന്നൂർ പാലത്തിന്റെ പണി

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തിലൂടെയാണ് നാഷണൽ ഹൈവേ 47 കടന്നുപോകുന്നത്. കൂടാതെ കൊച്ചി മധുര ഹൈവേയും ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. എന്നാൽ ഈ സൗകര്യങ്ങളുടെ ഗുണഫലം ലഭിക്കാത്ത വലിയൊരു ജനവിഭാഗം താമസിക്കുന്ന പ്രദേശമാണ് നെട്ടൂർ വടക്കുംഭാഗം. ഇവർക്ക് കിലോമീറ്ററോളം ചുറ്റി സഞ്ചരിച്ചാൽ മാത്രമേ പ്രധാനപ്പെട്ട വഴിയിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ. ഇത് പരിഹരിക്കുന്നതിനുവേണ്ടി നെട്ടൂർ-വടക്കുംഭാഗത്തെയും കണ്ടന്നൂരിനെയും ബന്ധിപ്പിക്കുന്ന ഒരു പാലത്തിന്റെ നിർദ്ദേശം ഉയർന്നുവരികയും അതിനു കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളതുമാണ്. എന്നാൽ നിർമ്മാണപ്രവർത്തനം ആരംഭിക്കാതെ വന്നതിനെത്തുടർന്ന് ഈ വർഷം അതിനായി തുകയൊന്നും വക കൊള്ളിച്ചിട്ടില്ല. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് സ്ഥലം എം.എൽ.എ. ശ്രീ. ഡൊമിനിക് പ്രസന്റേഷനും ശ്രീ. സെബാസ്റ്റ്യൻ പോൾ എം.എൽ.എ.യും ഞാനുമൊക്കെ പല പ്രാവശ്യം അങ്ങേയ്ക്ക് നിവേദനങ്ങൾ നൽകുകയും ഈ പ്രശ്നം സംബന്ധിച്ച് ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതുവരെയായിട്ടും ഫണ്ട് അനുവദിച്ചിട്ടില്ല. അടിയന്തിരമായി ഫണ്ട് പ്രത്യേകമായി അനുവദിച്ചുതരാൻ ദയവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : കൊച്ചിക്കടുത്ത് ഒരു പ്രധാനപ്പെട്ട പാലം പണിയുന്നതിന്റെ ഭാഗമായി, ഒറ്റപ്പെട്ടു പോകുന്ന ഒരു സ്ഥലമാണിത്. അതുകൊണ്ട് അവിടത്തെ ആളുകൾ സ്വാഭാവികമായും ഈ പാലം പണിതുതരുമെന്നുള്ള ഉറപ്പുണ്ടെങ്കിലേ സമ്മതിക്കുകയുള്ളൂ എന്ന ഒരു സ്റ്റാന്റ് കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ എടുത്തു. അത് ഒരു പൊതു ആവശ്യമാണ്. അവർക്കു കൊടുത്തിട്ടുള്ള ഉറപ്പ് ഞാൻ പറഞ്ഞതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ഇതിന് തുക വകകൊള്ളിച്ചിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ജോൺ ഫെർണാണ്ടസ് തുടങ്ങിയ എം.എൽ.എ.മാരും അവിടത്തെ കർമ്മ സമിതിയും എനിക്ക് നിവേദനം തന്നതാണ്. ഞാൻ അന്ന് ഉറപ്പു പറഞ്ഞതാണ്. നിശ്ചയമായും ഈ പാലം പണിക്കാവശ്യമായ പണം ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതാണ്.

(5) രാമമംഗലം പോലീസ് സ്റ്റേഷനതിർത്തിയിലെ തമ്പി എന്ന ആളുടെ ദുരൂഹമരണം

ശ്രീ. ടി.എം. ജേക്കബ് : എന്റെ നിയോജക മണ്ഡലത്തിലെ മടക്കാമുറ്റത്തിൽ മാണി തോമസിന്റെ മകൻ 28 വയസ്സുള്ള തമ്പിയെ 27.4.1999 മുതൽ കാണാതായി. 27-ാം തീയതി പുലർച്ചയ്ക്കു 3 മണിക്ക് അദ്ദേഹത്തിന്റെ പിതാവ് തോമസ് തമ്പിയെ കണ്ടതാണ്. എന്നും വെളുപ്പിന് 5 മണിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉണർന്ന് കാപ്പി കുടിച്ച് റബ്ബർ വെട്ടാൻ പോകുന്ന തമ്പിയെ നേരം പുലർന്നിട്ടും കാണാതാകയാൽ പലയിടത്തും അന്വേഷിച്ചു. വീട് വിട്ട് സാധാരണ പുറത്തുപോകാതെ വീടുപണിയുമായി ഒതുങ്ങിക്കഴിയുന്ന തമ്പിയെ കാണാതെ വന്നപ്പോൾ ഉച്ചയോടുകൂടി പിതാവ് രാമമംഗലം പോലീസ് സ്റ്റേഷനിൽ പരാതി നൽകി. മൂന്നു മണിയോടെ തമ്പിയുടെ വീട്ടിൽ നിന്നും ഏകദേശം ഒരു കിലോമീറ്റർ ദൂരെ ഇടയൻ കാട്ടിൽ രാജു എന്നയാളുടെ വീട്ടു വളപ്പിലുള്ള കിണറ്റിൽ തമ്പിയുടെ മൃതദേഹം കാണപ്പെട്ടു. അര മീറ്റർ മാത്രം വെള്ളമുള്ള കിണറ്റിൽ കാണപ്പെട്ട തമ്പിയുടെ ശവം കണ്ട് നാട്ടുകാർ അമ്പരന്നു. വെളുപ്പിന് മൂന്നു മണിക്കുശേഷം മേൽപ്പടി സ്ഥലത്തു പോകുവാനോ കിണറ്റിൽ ചാടുവാനോ ഉള്ള യാതൊരു സാദ്ധ്യതയും ഇല്ലാത്തതാണ്. പ്രസ്തുത സംഭവത്തിൽ ഒട്ടേറെ ദുരൂഹതകൾ നിറഞ്ഞു നിൽക്കുന്നു. സംഭവത്തിൽ സംശയം തോന്നിയ പിതാവ് ശ്രീ. തോമസ് തന്റെ മകൻ കൊല്ലപ്പെട്ടതാണെന്നും ഇതേക്കുറിച്ച് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കും ഡി.ജി.പി.ക്കും പോലീസ് ഉദ്യോഗസ്ഥന്മാർക്കും അവിടത്തെ എം.എൽ.എ. എന്നുള്ളനിലയിൽ എനിക്കും പരാതി നൽകി. ഞാൻ അത് മുഖ്യമന്ത്രിക്ക് ഒരു കത്ത് സഹിതം അയച്ചു കൊടുത്തു. സംഭവത്തെക്കുറിച്ചുള്ള അന്വേഷണം തൃപ്തികരമല്ലെന്ന് തോന്നിയ നാട്ടുകാർ മേയ് മാസം 7-ാം തീയതി എഴക്കര നാട്ടിൽ ഒരു യോഗം ചേർന്ന് തമ്പിയുടെ കൊലപാതകം ഗൗരവമായി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുജാതശശി ചെയർമാനും പഞ്ചായത്ത് അംഗങ്ങളും എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും സാമൂഹ്യപ്രവർത്തകരും ചേർന്ന് ഒരു സമിതി രൂപീകരിക്കുകയും മുഖ്യമന്ത്രിയും ഉന്നത പോലീസ് ഉദ്യോഗസ്ഥന്മാർക്കും ഇതു സംബന്ധിച്ച് പരാതി നൽകുകയും ചെയ്തു. പക്ഷെ അന്വേഷണം കാര്യമായനിലയിൽ പുരോഗമിക്കുന്നില്ല. അതിന്റെ പിന്നിൽ രാഷ്ട്രീയ മുണ്ടോയെന്ന് ജനങ്ങൾക്ക് സംശയമുണ്ട്. സംഭവത്തെ സംബന്ധിച്ച് വീട്ടുകാർക്കും നാട്ടുകാർക്കും തോന്നിയിട്ടുള്ള ചില സംശയങ്ങളും സാഹചര്യതെളിവുകളും പുത്തൻകുരിശ് സർക്കിൾ ഇൻസ്പെക്ടറെ ധരിപ്പിച്ചുവെങ്കിലും അന്വേഷണം പുരോഗമിച്ചിട്ടില്ല. അതുകൊണ്ട് ലോക്കൽ പോലീസിൽ നിന്നും ഈ അന്വേഷണം മാറ്റി ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, എറണാകുളം രാമമംഗലം മടക്കാമുറ്റത്ത് മാണി തോമസിന്റെ മകൻ തമ്പി 27.4.1999-ന് രാമമംഗലം എഴക്കര മുളയംകാട് ഷാജു വർഗ്ഗീസിന്റെ വീട്ടുവളപ്പിൽ വടക്കുകിഴക്കു ഭാഗത്തുള്ള കിണറ്റിൽ മരിച്ചനിലയിൽ കാണപ്പെട്ടു. ഇതു സംബന്ധിച്ച് രാമമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം 53/99-ാം നമ്പറായി ഒരു കേസ്സ് രജിസ്റ്റർചെയ്തു അന്വേഷിച്ചുവരുകയാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ മുങ്ങിമരണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേസ്സന്വേഷണം ത്വരിതപ്പെടുത്താൻ ഡി.ജി.പി.ക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) കിളിമാനൂർ മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : എന്റെ നിയോജകമണ്ഡലത്തിലെ മരാമത്തു റോഡുകൾ സഞ്ചാരയോഗ്യമോ ഗതാഗതയോഗ്യമോ അല്ലാതായിട്ട് ഒട്ടേറെ മാസങ്ങളും വർഷങ്ങളുമായി. കഴിഞ്ഞ പേമാരിയും വെള്ളപ്പൊക്കവും

LIBRARY ARCHIVES Kerala Legislative Assembly